കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

ചലച്ചിത്ര കലാഭവൻ ബിൽഡിംഗ്, ഒന്നാം നില,വഴുതക്കാട്, തിരുവനന്തപുരം - 695014

നമ്പർ: 988/ഡി/2011/കെ.എസ്.സി.എ.ഡി.സി 19.10.2019

ക്വട്ടേഷൻ ക്ഷണിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള KL 01 BD 4839 -ാം നമ്പർ വാഹനം നിലവിലെ അവസ്ഥയിൽ ക്വട്ടേഷൻ/ പരസ്യ ലേലം മുഖേന വിൽക്കുന്നതാണ്. വാഹനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. Registration No. : KL 01 BD 4839
2. Make & Model : 2011, Ford Fiesta 16 CL X I
3. Engine : TDEL
4. Location of vehicle available : KSCADC office permissive, Vazhuthacaud
5. Fuel : Petrol
6. Insurance paid upto : 07.11.2019 (3rd party)
7. Tax paid upto : 30.09.2026
8. Registration validity upto : 10.11.2026
9. Total KM covered (as on 18.10.2019) : 2,22,509 KM

ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ മാനേജിംഗ് ഡയറക്ടർ, കെ.എസ്.സി.എ.,ഡി.സി., തിരുവനനന്തപുരത്തിന്റെ പേരിൽ വാങ്ങിയ 5000 രൂപയുടെ (അയ്യായിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് EMD ആയി ഉള്ളടക്കം ചെയ്തിരിക്കേണ്ടതും ലേലത്തിൽ പങ്കെടുക്കുന്നവർ 5000 രൂപ EMD ആയി രൊക്കം കെട്ടിവയ്ക്കേണ്ടതുമാണ്.

ക്വട്ടേഷൻ 04.11.2019 ഉച്ചയ്ക്കുശേഷം 3 മണിക്ക് മുമ്പായി തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അന്നേദിവസം വൈകുന്നേരം 3.30-ന് ലേലത്തിന് പങ്കെടുക്കുന്നവർ 5000 രൂപ അടച്ച് ലേലത്തിൽ പങ്കുചേരുന്നതിന് അനുമതി നൽകുകയും അന്നേദിവസം 4 മണിക്ക് പരസ്യലേലം നടത്തുന്നതും ലേല നടപടികൾ പൂർത്തിയാക്കിയശേഷം ലഭിച്ച ക്വട്ടേഷനുകൾ അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാർ അവർ രേഖാമൂലം ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തികൾ, ലേലക്കാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. സാധാരണഗതിയിൽ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്തിട്ടുള്ള ക്വട്ടേഷൻ/ലേലം കൊണ്ടത് അംഗീകരിക്കുന്നതാണ്. അപ്രകാരം അംഗീകരിച്ചാൽ ആകെ തുകയുടെ 50% തുക അപ്പോൾ തന്നെ ഒടുക്കേണ്ടതും അവശേഷിക്കുന്ന 50% തുക ഈ ആഫീസിൽ നിന്നുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ഒടുക്കി വാഹനം നീക്കം ചെയ്യേണ്ടതും വാഹനത്തിന്റെ ഉടമസ്ഥാവകാശം ക്വട്ടേഷൻ/ലേലം കൊണ്ട വ്യക്തിയുടെ പേരിലേക്ക് മാറ്റേണ്ടതുമാണ്. എന്നിരുന്നാലും യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു ക്വട്ടേഷൻ/ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം താഴെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ ക്വട്ടേഷൻ/ലേല നടപടികൾ നിലവിലെ എല്ലാ സർക്കാർ നിയമങ്ങൾക്കും ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടുള്ളതുമാകുന്നു.

(കൂടുതൽ വിവരങ്ങൾക്ക് ആഫീസ് പ്രവർത്തിസമയങ്ങളിൽ 0471-2323363 എന്ന ടെലഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്)

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

- നോട്ടീസ് ബോർഡ്

അംഗീകാരത്തോടെ,

മാനേജർ (അഡ്മിനിസ്ട്രേഷൻ)